By REGISTERED POST

14445

കേരള സർക്കാർ

പൊതുഭരണ (സ്ട്രിക്റ്റ്ലി കോൺഫിഡൻഷ്യൽ) വകുപ്പ്

നം. 228/എസ്.സി.1/2017/പൊ.ഭ.(എസ്.സി.)

തിരുവനന്തപുരം,
തീയതി : 16.03.2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡീഷണൽ സെക്രട്ടറി

ശ്രീ. ജയകുമാർ ടി
കടമ്പേരി,
കാനൂൽ പി.ഒ.,
കണ്ണൂർ - 670 562.

THE DIRECTOR OF SOCIAL ... TRIVANDRUM
17 MAR 2017

സർ,

വിഷയം:- പൊതുഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് **സംബന്ധിച്ച്.**

സൂചന:- 14.03.2017 തീയതിയിൽ ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 09.03.2017 തീയതിയിലെ അപേക്ഷ.

സൂചനയിലെ അപേക്ഷയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അതിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഈ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ള രേഖയല്ല. അവ വിവിധ ഓഫീസുകളിൽ/വകുപ്പുകളിൽ പ്രത്യേകം അപേക്ഷ സമർപ്പിച്ച് നേടേണ്ടതാണെന്നറിയിക്കുന്നു. എന്നിരുന്നാലും അപേക്ഷയിലെ വിഷയം സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ടതാണ് എന്നതിനാൽ എന്തെങ്കിലും വിവരം ലഭ്യമാണെങ്കിൽ അത് താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിലേക്കായി അപേക്ഷയുടെ പകർപ്പ് സാമൂഹ്യനീതി വകുപ്പിലെയും സാമൂഹ്യനീതി ഡയറക്ടറേറ്റിലേയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ഇക്കാര്യത്തിൽ തുടർ കത്തിടപാടുകൾ മേൽസൂചിപ്പിച്ച വകുപ്പുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ/അപ്പീൽ അധികാരികൾ എന്നിവരുമായി നടത്തുവാൻ താൽപ്പര്യപ്പെടുന്നു.

ഈ വകുപ്പിലെ അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ ചേർത്തിരിക്കുന്നു.

ശ്രീ. ആർ.ഗോപകുമാർ,
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി, പൊതുഭരണ (എസ്.സി.) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 (ഫോൺ - 0471 2518222).

വിശ്വസ്തതയോടെ,

Mani B.V.S

ബി.വി.എസ്. മണി,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ സെക്രട്ടറി.
ഫോൺ : 0471 - 251 8006.

പകർപ്പ്

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി വകുപ്പ്.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്.

(വിവരാവകാശ നിയമ പ്രകാരം ലഭ്യമായ വിവരം നേരിട്ട് നൽകുന്നതിന് അപേക്ഷയുടെ പകർപ്പ് കൈമാറുന്നു.)




പ്രേഷകൻ.

ജയകുമാർ. ടി.
കടമ്പേരി,
പി. ഒ. കാനൂൽ (KANUL)
KANNUR DISTRICT, 670562.

സ്വീകർത്താവ്.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ചീഫ് സിക്രട്ടറിയുടെ ഓഫീസ്
കേരള, തിരുവനന്തപുരം, 695036.

സർ,

വിഷയം : വിവരാവകാശ നിയമം 2005
വിവരം അറിയുന്നത് സംബന്ധിച്ച്

1) കേരള സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ഓരോ വകുപ്പിലും ആകെ എത്ര ഭിന്നശേഷി ജീവനക്കാർ ജോലിചെയ്യുന്നുണ്ട്.

2) ജോലിചെയ്യുന്നവരുടെ വിവരം ഗ്രൂപ്പ് A, ഗ്രൂപ്പ് B, ഗ്രൂപ്പ് C, ഗ്രൂപ്പ് D എന്നിങ്ങനെ തരം തിരിച്ച് അനുവദിച്ചു തരണമെന്നപേക്ഷിക്കുന്നു

വിശ്വസ്തതയോടെ-

കാനൂൽ.
9/3/2017.

ജയകുമാർ. ടി.
9446067855.